# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 887 — 05.02.2020-ൽ മറുപടിയ്ക്ക്.

## ഗുണനിലവാരമുള്ള പാൽ ഉല്പന്നങ്ങളുടെ വിതരണം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഓരോ ദിവസവുമുള്ള പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ആവശ്യകത എത്ര എന്നും സംസ്ഥാനത്തിലെ ഉല്പാദനം എത്ര എന്നും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അളവ് എത്ര എന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണെന്നു കണക്കാക്കപ്പെടുന്നു. ഇതിൽ ഏകദേശം 82 ലക്ഷം വരെ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നു.<br>മിൽമ മുഖാന്തിരമാണ് പാൽ അന്യസംസ്ഥാന-ങ്ങളിൽ നിന്നും വാങ്ങുന്നത്. മിൽമ പ്രതിദിനം ഏകദേശം 1 ലക്ഷം ലിറ്റർ പാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നുണ്ട്. |
| (ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന സംസ്ഥാന സർക്കാർ ഫലപ്രദമായി നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ ക്ഷീരവികസന വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ജില്ലകളിലുള്ള ജില്ലാതല ഗുണനിയന്ത്രണ ആഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.<br>കൂടാതെ തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോട് കൂടിയ സ്റ്റേറ്റ് ഡയറി ലാബും കാസർഗോഡ്, കോട്ടയം ജില്ലകളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. |

| | |
|---|---|
| | തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ വാങ്ങുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷം മാത്രമാണ് സ്വീകരിക്കുന്നത്. മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള ലബോറട്ടറികൾ സജ്ജമാണ്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പ വരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രഡിറ്റേഷനോടുകൂടിയ ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) ഗുണനിലവാരമില്ലാത്ത പാലും പാലുല്പന്നങ്ങളും ഇതര സംസ്ഥാന ലോബികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ അതു തടയുവാനായും ഗുണനിലവാരമുള്ള പാലും പാലുല്പന്നങ്ങളും സംസ്ഥാനത്തു ലഭ്യമാക്കുവാനുമായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് പ്രവർത്തിച്ചു വരുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.<br>കൂടാതെ തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോട് കൂടിയ സ്റ്റേറ്റ് ഡയറി ലാബും, കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിൽ റീജിയണൽ ലാബും പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) ഈ സർക്കാർ കാലയളവിൽ ഗുണനിലവാരമില്ലാത്ത പാലും പാലുല്പന്നങ്ങളും വിപണനം നടത്തിയ എത്ര പേരെ വകുപ്പ കണ്ടെത്തിയെന്നും എന്തു നടപടികൾ ഇത്തരക്കാർക്കെതിരെ സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഇ) ഗുണനിലവാരമില്ലാത്ത പാലും പാലുല്പന്നങ്ങളും ക്ഷീരവികസന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയാൽ വിവരം ഭക്ഷ്യസുരക്ഷാവകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്. നിയമനടപടികൾ സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് അധികാരമില്ല. |

**സെക്ഷൻ ഓഫീസർ**